LIBRARY ARCHIVES Kerala Legislative Assembly

ഹയർ സെക്കന്ററി തലത്തിലെ വിജയശതമാനം

110 (4392) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ അദ്ധ്യായന വർഷം ഹയർ സെക്കന്ററി തലത്തിൽ എത്ര കുട്ടികളാണ് വിജയിച്ചിട്ടുള്ളത് ;

(ബി) സംസ്ഥാനത്ത് സർക്കാർ, എയിഡഡ്, അൺ എയിഡഡ് മേഖലകളിലായി ഇപ്പോൾ എത്ര ഹയർ സെക്കന്ററി സീറ്റുകളാണ് നിലവിലുള്ളത് :

(സി) ഈ വർഷം വിജയിച്ച കുട്ടികളിൽ എത്ര ശതമാനം കുട്ടികൾക്കാണ് തുടർ വിദ്യാഭ്യാസത്തിന് സാദ്ധ്യമാകാതെ വരുന്നത് ;

(ഡി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) 2002-2003 അദ്ധ്യയന വർഷത്തിലെ ഹയർ സെക്കണ്ടറി പരീക്ഷയിൽ 1,62,165 കുട്ടികൾ വിജയിച്ചു.

(ബി) സർക്കാർ മേഖലയിൽ 65400 സീറ്റുകളും എയിഡഡ് മേഖലയിൽ 1,08,900 സീറ്റുകളും അൺ-എയിഡഡ് മേഖലയിൽ 33,350 സീറ്റുകളും ഉൾപ്പെടെ 2,07,650 സീറ്റുകളാണ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിലവിലുള്ളത്. കൂടാതെ ഈ വർഷം 25 ശതമാനം സീറ്റു വർദ്ധനവും അനുവദിച്ചിട്ടുള്ള സ്ഥിതിക്ക് സീറ്റുകളുടെ എണ്ണം 2,59,652 ആയി വർദ്ധിച്ചിരിക്കുകയാണ്.

(സി & ഡി) വിജയിച്ച കുട്ടികൾക്കെല്ലാം തുടർ വിദ്യാഭ്യാസത്തിന് അവസരം ഒരുക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

പുതിയ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ

111 (4393) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ എയ്ഡഡ് മേഖലകളിൽ പുതിയ വോക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ തുടങ്ങുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി ചർച്ച നടത്തിയിട്ടുണ്ടോ ;

(ബി) കേന്ദ്ര സർക്കാരിൽ നിന്നും ഇതിനായി എത്ര കോടി രൂപ ധനസഹായം ലഭിക്കുമെന്നറിയിക്കാമോ ;

(സി) ഇപ്പോൾ നിലവിലുള്ള വി.എച്ച്.എസ്.സി.യിലെ കാലഹരണപ്പെട്ട കോഴ്സുകൾ മാറ്റി പുതിയ കോഴ്സുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?